LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേക്ക് പ്ലേസ്മെന്റ് നല്കി ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പ്രസ്തുത ആശുപത്രിയിലെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിലേക്കായി അഡ്ഹോക് വ്യവസ്ഥയിൽ അനസ്തേഷ്യ, മെഡിസിൻ, സർജറി വിഭാഗത്തിൽ ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(സി) ആശുപത്രിയിൽ മരുന്ന് സൂക്ഷിക്കുന്നതിന് സ്റ്റോർ റൂമിൽ എച്ച്.എം.സി. ഫണ്ട് ഉപയോഗിച്ചുകൊണ്ട് റാക്കുകൾ വാങ്ങി സജ്ജീകരിച്ചിട്ടുണ്ട്. എയർ കണ്ടീഷണർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് എച്ച്.എം.സി.-യുടെ ആഭിമുഖ്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

കാൻസർ ചികിത്സാ സൗകര്യങ്ങൾ

64 (2615) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അർബുദരോഗ ചികിത്സ സൗജന്യമാക്കുന്ന പദ്ധതിക്കായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് ;

(ബി) മലബാർ കാൻസർ സെന്ററിനും മറ്റ് സർക്കാരാശുപത്രികൾക്കും അർബുദ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കാനായി ഈ വർഷം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) സംസ്ഥാനത്ത് അർബുദ ചികിത്സക്കുള്ള സൗകര്യം പര്യാപ്തമെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ സൗകര്യ വികസനത്തിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എങ്കിലും ആവശ്യാനുസരണം തുക സർക്കാർ ലഭ്യമാക്കുന്നുണ്ട്.

(ബി) ഈ ആവശ്യത്തിനുവേണ്ടി മലബാർ കാൻസർ സെന്ററിന് 2014-15 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടില്ല. മറ്റ് സർക്കാർ ആശുപത്രികളിൽ അർബുദരോഗ ചികിത്സാ സൗകര്യം ഉൾപ്പെടെയുള്ളവ നടപ്പിലാക്കുന്നതിന് കാൻസർ കെയർ പ്രോഗ്രാം എന്ന സ്കീമിൽ 220 ലക്ഷം രൂപ 2210-പ്ലാൻ ശീർഷകത്തിലായി 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാന ആരോഗ്യവകുപ്പ് എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ കാൻസർ ചികിത്സ ലഭ്യമാക്കുന്നതിന് ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ റീജിയണൽ കാൻസർ സെന്ററുകളോ, മെഡിക്കൽ കോളേജുകളോ നിലവിലില്ലാത്ത ജില്ലകളിലെ കാൻസർ രോഗികൾക്ക് സ്വന്തം ജില്ലയിൽത്തന്നെ തുടർ ചികിത്സ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കാൻസർ ചികിത്സാ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ആദ്യഘട്ടമായി 32 ലക്ഷത്തോളം കുടുംബങ്ങളെ സുകൃതം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാ ചെലവ് പൂർണ്ണമായും സൗജന്യമാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ പുതിയ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനും നിലവിലെ കാൻസർ ചികിത്സാ സൗകര്യങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

പെരിങ്ങോം താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ തസ്തികയിലെ ഒഴിവുകൾ

65 (2616) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടേതുൾപ്പെടെ എത്ര തസ്തികകളിൽ ഒഴിവുണ്ട് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ IP സംവിധാനം നിലവിൽ തുടരാനിരിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ ;